**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2171** **20-01-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷണ പദാർത്ഥങ്ങളിലെ മായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജി ചെറിയാൻ** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്നതിനും ആരോഗ്യത്തിന് ഹാനികരവുമായ രാസവസ്തുക്കൾ, മത്സ്യം ഉൾപ്പെടെയുള്ളവയിൽ ചേർക്കുന്നതിനുമെതിരെ സംസ്ഥാനത്ത് സ്വീകരിക്കപ്പെടുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ; | (എ) | സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിലേയ്ക്കായി അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഭക്ഷ്യവസ്തുക്കൾ ഉൾപ്പടെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ച വ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. IEC പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യ വശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘു ലേഖകൾ വിതരണം ചെയ്യുകയും, ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പ മാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെൻററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയായ "ഓപ്പറേഷൻ സാഗർറാണി"വിജയകരമായി നടപ്പിലാക്കി വരുന്നു. "ഓപ്പറേഷൻ പനേല" എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ |

| | | | |
|---|---|---|---|
| | | | ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും Unsafe ആയി റിപ്പോർട്ട് ലഭിച്ചിട്ടുള്ളവയ്ക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. 2020 വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ നടത്തിയ 33655 പരിശോധനകളിൽ ശേഖരിച്ച ഭക്ഷ്യ സാമ്പിളുകൾ അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 265 എണ്ണം ഗുണനില വാരമില്ലാത്തതാണെന്ന് റിപ്പോർട്ട് ലഭിച്ചതിനാൽ അഡ്ജ്യൂഡിക്കേഷൻ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 252 ഭക്ഷ്യസാമ്പിളുകൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് റിപ്പോർട്ട് ലഭിച്ചതിനാൽ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇവയിൽ 42 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 13,56,000/- രൂപ പിഴ ചുമത്തിയിട്ടുണ്ട്. കൂടാതെ ഒരു പ്രോസിക്യൂഷൻ കേസ് തീർപ്പാവുകയും 3,50,000/- രൂപ പിഴയും കോടതി പിരിയും വരെയുള്ള തടവും വിധിച്ചിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂർ മണ്ഡലത്തിൽ 2020 കാലയലവിൽ ഇതു സംബന്ധിച്ച് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ചെങ്ങന്നൂർ മണ്ഡലത്തിൽ 2020 കാലയളവിൽ കാശ്മീരി ചില്ലി പൗഡറിൽ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയതിനാൽ ഒരു പ്രോസിക്യൂഷൻ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് തീർപ്പായിട്ടില്ല. |
| (സി) | അതിൽ ശിക്ഷാ നടപടികൾ എടുത്തിട്ടുള്ളവയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | ചെങ്ങന്നൂർ മണ്ഡലത്തിൽ 2020 കാലയളവിൽ കാശ്മീരി ചില്ലി പൗഡറിൽ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയതിനാൽ ഒരു പ്രോസിക്യൂഷൻ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് തീർപ്പായിട്ടില്ല. |

സെക്ഷൻ ഓഫീസർ